# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.367** | **03/02/2014-ൽ മറുപടിക്ക്**

**എല്ലാ ജില്ലകളിലും കാൻസർ ചികിത്സാ സൗകര്യം**

**ചോദ്യം**

ശ്രീ. പി. എ. മാധവൻ
" എ. പി. അബ്ദുള്ളക്കുട്ടി
" വി. ഡി. സതീശൻ
" വി. റ്റി. ബൽറാം

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എല്ലാ ജില്ലകളിലും കാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ; | (എ) | എല്ലാ ജില്ലകളിലും കാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തി വരുന്നുണ്ട്. 2012-13-ലെ ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റീജിയണൽ കാൻസർ സെന്ററുകളും, മെഡിക്കൽ കോളേജുകളും ഇല്ലാത്ത ജില്ലകളിലെ ഒരു പ്രധാന ആശുപത്രിയിൽ കീമോതെറാപ്പി സൗകര്യം ഉള്ള കാൻസർ കെയർ യൂണിറ്റുകൾ ആരംഭിച്ചു. 2013-ൽ ഇത് മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് തുക അനുവദിക്കുകയും സർവ്വീസിലുള്ള ഡോക്ടർമാർക്ക് ആർ.സി.സി., എം.സി.സി. എന്നിവിടങ്ങളിൽ പരിശീലനം നൽകിയ ശേഷം ഈ സെന്ററുകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇവരെ സഹായിക്കുവാൻ രണ്ട് സ്റ്റാഫ് നഴ്സുമാർക്ക് പരിശീലനം നൽകി ഈ ആശുപത്രികളിൽ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. അർബുദ രോഗ വിദഗ്ധന്റെ നിർദ്ദേശ പ്രകാരമുള്ള ചികിത്സയുടെ തുടർ ചികിത്സകൾ (കീമോതെറാപ്പി) മാത്രമാണ് ഈ സെന്ററുകൾ വഴി നടപ്പിലാക്കി വരുന്നത്. ഇതിനു പുറമെ അർബുദ രോഗ നിർണ്ണയവും പരിശീലനം |

| | | | |
|---|---|---|---|
| | | | സിദ്ധിച്ച ഡോക്ടർമാർ വഴി നടത്തി വരുന്നു. അർബുദ രോഗികൾക്കു വേണ്ടി വരുന്ന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ, അസൈറ്റിസ് ടാപ്പിംഗ് മറ്റ് ചികിത്സകൾ തുടങ്ങിയവയും ഈ കേന്ദ്രങ്ങളിൽ സൗജന്യമായി നൽകി വരുന്നു. |
| (ബി) | ആയതിനായി ആശുപത്രികളെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) | റീജിയണൽ കാൻസർ സെന്ററും, മെഡിക്കൽ കോളേജുകളും ഇല്ലാത്ത ജില്ലയിലെ ഒരു പ്രധാന ആശുപത്രിയിൽ കീമോതെറാപ്പി സൗകര്യമുള്ള കാൻസർ കെയർ യൂണിറ്റ് ആരംഭിക്കുന്ന പദ്ധതി 2012-13-ലെ ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. 2013-ൽ ഈ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. കാൻസർ കെയർ പദ്ധതി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സ്ഥലസൗകര്യങ്ങളും, ജനങ്ങൾക്ക് എത്തിപ്പെടാനുള്ള സൗകര്യങ്ങളും കണക്കിലെടുത്താണ് ഓരോ ജില്ലയിലേയും ഒരു പ്രധാന ആശുപത്രി ഈ പദ്ധതിക്കു വേണ്ടി തെരഞ്ഞെടുക്കുന്നത്. |
| (സി) | എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത ആശുപത്രികളിൽ സജ്ജീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) | കാൻസർ കെയർ യൂണിറ്റുകളിൽ സർവ്വീസിലുള്ള ഡോക്ടർമാർക്ക് ആർ.സി.സി., എം.സി.സി. എന്നിവിടങ്ങളിൽ പരിശീലനം നൽകിയ ശേഷം ഈ യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. ഇവരെ സഹായിക്കുന്നതിനുവേണ്ടി രണ്ട് സ്റ്റാഫ് നഴ്സുമാർക്ക് പരിശീലനം നൽകി ഈ യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. ഈ യൂണിറ്റുകളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സകൾ നടത്തുന്നതിനുവേണ്ടി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ 'എൻ.പി.സി.ഡി.സി.എസ്.' നിലവിലുള്ള അഞ്ച് ജില്ലകളിൽ ഒരു സൈറ്റോ |

| | | | |
|---|---|---|---|
| | | | പത്തോളജിസ്റ്റിനേയും, പത്തോളജിസ്റ്റിനേയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഓരോ സെന്ററിനും ആവശ്യമായ സൗകര്യങ്ങൾ ആശുപത്രികളിൽ നിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ? | (ഡി) | ഓരോ ജില്ലയിലും കാൻസർ കെയർ യൂണിറ്റ് ആരംഭിക്കുന്നതിന് 2012-13-ൽ പത്ത് ലക്ഷം രൂപ വീതം അടിസ്ഥാന സൗകര്യ വികസനത്തിനും 40 ലക്ഷം രൂപ വീതം മരുന്നുകൾ വാങ്ങുന്നതിനും നൽകുകയുണ്ടായി. 2013-14-ൽ ബാക്കിയുള്ള ജില്ലകളിൽ 30 ലക്ഷം രൂപ വീതം ഓരോ ആശുപത്രിയിലും അനുവദിക്കുകയുണ്ടായി. 2013-14-ൽ 75 ലക്ഷം രൂപ ആദ്യമാരംഭിച്ച സ്ഥാപനങ്ങൾക്ക് തുടർ പ്രവർത്തനങ്ങൾക്കായി നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ